## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;1848 — 17.12.2012ൽ മറുപടിക്ക്

### പൊന്നാനി കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

**ചോദ്യം**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

എ) പൊന്നാനിയിൽ കടൽക്ഷോഭത്തിൽ 30 ഓളം വീടുകളും ഭൂമിയും നഷ്ടമായവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് വീടും സ്ഥലവും ലഭ്യമാക്കാൻ ധനസഹായം അനുവദിക്കാനാവില്ല എന്ന നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)**

എ) കടൽക്ഷോഭം മൂലം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ജി.ഒ. (എം.എസ്) നം.295/2011/ആർഡി തീയതി 04.08.2011 എന്ന ഉത്തരവു പ്രകാരം രണ്ടായിരം മുതൽ ഇരുപത്തയ്യായിരം രൂപ വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാവുന്നതാണ്. പൊന്നാനിയിലെ കടൽക്ഷോഭത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്ക് ജില്ലാ കളക്ടർ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ശുപാർശ ചെയ്ത അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിലെ മാനദണ്ഡപ്രകാരം കടൽ ക്ഷോഭത്തിൽ വീടും ഭൂമിയും നഷ്ടമായവർക്ക് വീടും ഭൂമിയും ലഭ്യമാക്കുന്നതിന് ധനസഹായം അനുവദിക്കാനാവില്ല.

| | |
|---|---|
| ബി) കടൽക്ഷോഭത്തെ എന്തുകൊണ്ടാണ് പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തത്; | ബി) 13-ാം ധനകാര്യകമ്മിഷന്റെ ശുപാർശ അനുസരിച്ച് 75% കേന്ദ്ര സഹായവും 25 % സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് പ്രകൃതിക്ഷോഭ ദുരന്തങ്ങൾക്ക് ഇരയായവർക്ക് ധനസഹായം നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡ പ്രകാരം കടൽക്ഷോഭം, പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. |
| സി) പൊന്നാനിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് നടപ്പാക്കുവാൻ നടപടിയെടുക്കുമോ; | (സി) യും (ഡി) യും (ഇ) യും<br>നിലവിൽ സ്വന്തമായി ഭൂമി ഉള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നുണ്ട്. |
| ഡി) ദുരിതബാധിതരെ എങ്ങിനെയാണ് പുനരധിവസിപ്പിക്കേണ്ടത് എന്ന് വിശദമാക്കാമോ; | |
| ഇ) ദുരിതാശ്വാസ ക്യാമ്പുകളിൽ നരകജീവിതം നയിക്കുന്നവർക്ക് എന്നാണ് വീട് വെച്ചു നൽകാൻ കഴിയുക എന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ